(സി) വയനാട് ജില്ലാ കളക്ടറേറ്റിൽ നോർക്ക സെൽ ആരംഭിച്ചിട്ടുണ്ട്. വയനാട് നോർക്ക സെല്ലിന്റെ ഫോൺ നമ്പർ ചുവടെ ചേർക്കുന്നു.

04936202532

**വിദേശത്ത് കപ്പലിൽ ജോലി ചെയ്തിരുന്നവരുടെ തിരോധാനം**

57 (4404) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സനജ് ഗംഗാധരൻ, കോഴിക്കോട് (2009 മാർച്ച് 8), ഫെബിൾ, ആലപ്പുഴ (2009 ഏപ്രിൽ), പ്രദീപ് രാജ്, കാസർഗോഡ് (2009 മേയ്) എന്നിവർ വിദേശത്ത് കപ്പലിൽ ജോലി ചെയ്തിരുന്ന സമയത്ത് കാണാതായതായി ആരെങ്കിലും പരാതി തന്നിട്ടുണ്ടോ ;

(ബി) ഇവരുടെ തിരോധാനവുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സനജ് ഗംഗാധരൻ (കോഴിക്കോട്), ഫെബിൻ ജയിംസ് (ആലപ്പുഴ), എൻ. സി. പ്രദീപ് രാജ് (കാസർഗോഡ്) എന്നിവരെ വിദേശത്ത് കപ്പൽ ജോലിക്കിടെ കാണാതായിട്ടുണ്ട് എന്നും അവരെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് യഥാക്രമം സനജ് ഗംഗാധരന്റെ പിതാവ് സി. വി. ഗംഗാധരൻ, ഫെബിൻ ജയിംസിന്റെ പിതാവ് ജയിംസ് ജെ. കൊക്കോത്ത്, എൻ. സി. പ്രദീപ് രാജിന്റെ മാതാവ് എം. ചന്ദ്രാവതി എന്നിവർ പരാതി തന്നിട്ടുണ്ട്. പ്രസ്തുത പരാതികൾ ലഭിച്ച മുറയ്ക്ക് ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായും മുംബൈയിലെ ഷിപ്പിംഗ് ഡയറക്ടറേറ്റുമായും നിരവധി തവണ കത്തിടപാടുകൾ നടത്തുകയും ഊർജ്ജിതമായ അന്വേഷണത്തിനുള്ള സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇവരുടെതിരോധാനം സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏജൻസിയെകൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 1-1-2010-ൽ (ഡി.ഒ. നമ്പർ 01/വി.ഐ.പി/സി എം/2010) പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു. കേന്ദ്രത്തിൽനിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

**ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹായത്തോടെ നിർമ്മിക്കുന്ന കണ്ടെയ്നർ ടെർമിനലുകൾ**

58 (4405) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹായത്തോടെ സംസ്ഥാനത്ത് ഏതൊക്കെ കണ്ടെയ്നർ ടെർമിനലുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly